രുടെ സ്വൈരം ഭഞ്ജിക്കുന്നതു് ശിക്ഷാർഹമായ ഒരു കുററമാണെന്നു പത്രപ്രവർത്തകരും പൗരന്മാരും മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമാണു്. ക്ഷുദ്രമായ മഞ്ഞപ്പത്രപ്രവർത്തനം വളരെ വലിയ അളവോളം ഒഴിവാക്കാൻ ഈ ബോധം സഹായിക്കും.

(27 ആഗസ്റ്റ്, 1984)

# 46. എലിയും മനുഷ്യനും

മനുഷ്യന്റെ ജീവിതലക്ഷ്യങ്ങളെ പ്രാചീന ഭാരതീയർ 'പുരുഷാർത്ഥങ്ങൾ' എന്നു വിളിച്ചുവരുന്നു. ധർമം, അർത്ഥം, കാമം, മോക്ഷം എന്നിങ്ങനെ നാലു പുരുഷാർത്ഥങ്ങളെ ഭാരതീയചിന്തകരിൽ ചാർവാകർ ഒഴികെ മറെറല്ലാവരും അംഗീകരിച്ചിരുന്നു. ചാർവാകർക്കു് അർത്ഥവും കാമവും മാത്രമായിരുന്നു പുരുഷാർത്ഥങ്ങൾ. സമൂഹത്തിന്റെ സുസ്ഥിതിക്കു് ഓരോ വ്യക്തിയും പുലർത്തേണ്ട സദാചാരമാണു് 'ധർമം.' സമൂഹനിരപേക്ഷവും തികച്ചും വൈയക്തികവുമായ ഒരു മൂല്യമത്രേ 'മോക്ഷം.' ശേഷിച്ച അർത്ഥവും കാമവും സമൂഹത്തിൽ ജീവിച്ചുകൊണ്ടു് മനുഷ്യവ്യക്തി ആർജിക്കേണ്ടവയാണു്. ധനവും അധികാരവും 'അർത്ഥ'മെന്ന സങ്കല്പത്തിൽ അടങ്ങിയിരിക്കുന്നു. ലൈംഗികസംതൃപ്തിയെന്നപോലെ, നാഗരികജീവിതത്തിൽനിന്നു ലഭിക്കേണ്ട ഭൗതികവും വൈകാരികവും സൗന്ദര്യാവബോധപരവുമായ എല്ലാ സൗഖ്യങ്ങളും 'കാമ'മെന്നതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തെ നിലനിർത്തുന്ന ധർമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അർത്ഥകാമങ്ങൾ നേടാൻ വ്യക്തി ശ്രമിക്കാവൂ എന്നതായിരുന്നു പൊതുവെ, പ്രാചീന ഭാരതീയരുടെ സാമൂഹ്യവീക്ഷണം. കൗടില്യന്റെ 'അർത്ഥശാസ്ത്ര'വും വാത്സ്യായനന്റെ 'കാമശാസ്ത്ര'വും ഊന്നിപ്പറയുന്ന ഒരു വസ്തുതയാണതു്. 'ധർമാർത്ഥശ്ച കാമശ്ച' എന്ന വ്യാസവാക്യം പ്രസിദ്ധമാകുന്നു.

ചെലവു പരമാവധി കുറച്ചു വരവു പരമാവധി വർദ്ധിപ്പിക്കുക എന്നതാണു് ധനകേന്ദ്രിതമായ ആധുനികസമൂഹത്തിൽ മിക്ക വ്യക്തികളുടെയും പ്രായോഗികതത്ത്വശാസ്ത്രം. ധനവ്യയം മാത്രമല്ല, സമയവ്യയം, പ്രയത്നവ്യയം എന്നിവയും 'ചെലവു്' എന്നതിൽ ഉൾപ്പെടുന്നു. പണത്തിന്റെയെന്നപോലെ അധികാരം, പ്രശസ്തി, സുഖം, സുരക്ഷിതത്വം മുതലായവയുടെയും നേട്ടം 'വരവു്' എന്നതുകൊണ്ടു് ഉദ്ദിഷ്ടമാണു്. ഇക്കാലത്തു യുക്തിപൂർവം ചിന്തിക്കുന്ന എല്ലാവരുംതന്നെ, കഴിയുന്നത്ര കുറച്ചു മാത്രം ചെലവുചെയ്തു തങ്ങൾക്കു പരമാവധി വരവുണ്ടാക്കാനാണു ശ്രമിക്കുന്നതു്. ചെലവു കുറയ്ക്കാനും വരവു കൂട്ടാനും ശ്രമിക്കാത്തവനെ തലയ്ക്കു വെളിവില്ലാത്തവനായേ ആധുനികസമൂഹം വീക്ഷിക്കുകയുള്ളു. ആധുനിക ധനശാസ്ത്രത്തിന്റെ അസ്തിവാരം, കുറഞ്ഞ ചെലവിൽ കൂടുതൽ വരവു് ഉണ്ടാക്കുക എന്നതാണു്. വരവുണ്ടാക്കുന്ന പ്രക്രിയയിൽ 'ധർമ'മെന്ന മൂല്യത്തിനു് ഒരു പ്രസക്തിയുമില്ല.

പക്ഷേ, പാശ്ചാത്യധനശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളുടെ വീക്ഷണം ഇതായിരുന്നില്ല. ധനശാസ്ത്രജ്ഞരെന്നപോലെ ദാർശനികരുമായിരുന്നു ആഡംസ്മിത്തു്, കാറൽ മാക്സ്, ജോൺ മേനാർഡ് കെയ്ൻസ് എന്നിവർ. എന്നിട്ടെന്തു്? അവരുടെ അനന്തരഗാമികളു

ടെ കൈയിൽ ധനശാസ്ത്രത്തിനും ധർമശാസ്ത്രത്തിനും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ഗണിതംപോലെ സമകാലധനശാസ്ത്രം തികച്ചും മൂല്യനിരപേക്ഷമായിത്തീർന്നിരിക്കുന്നു.

തത്ത്വചിന്തയും ധനശാസ്ത്രവും തമ്മിലുള്ള ഈ ബന്ധവിച്ഛേദം അഭിലഷണീയമല്ലെന്നു കരുതുന്നവർ കുറവല്ല. ദാർശനികരും ധനശാസ്ത്രജ്ഞരും തമ്മിൽ ഫലപ്രദമായ ആശയവിനിമയം നടക്കുന്നതിലൂടെ മാത്രമേ തത്ത്വചിന്തയ്ക്ക് ആധുനിക ജീവിതത്തിൽ പ്രസക്തിയും ധനശാസ്ത്രത്തിനു മാനുഷിക പരിപ്രേക്ഷ്യവും നൽകാൻ കഴിയൂ എന്ന ചിന്തയിൽനിന്നാണ് ഈ അടുത്തകാലത്ത് ജർമനിയിലെ മ്യൂണിക്ക് നഗരത്തിൽ നടന്ന ദാർശനിക–ധനശാസ്ത്രജ്ഞ–സമ്മേളനം ഉടലെടുത്തത്. ലോകപ്രശസ്തരായ പല ധനശാസ്ത്രജ്ഞരും ദാർശനികരും ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

ചെലവ് അങ്ങേയററം കുറച്ചു തനിക്കു പരമാവധി വരവ് (ലാഭം) ഉണ്ടാക്കാൻ മനുഷ്യനുള്ള വാസന നൈസർഗികമാണെന്നും, ഇവിടെ ധർമ്മചിന്തയ്ക്കു യാതൊരു സ്ഥാനവുമില്ലെന്നും ഈ സമ്മേളനത്തിൽ പല ധനശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെട്ടു. അമേരിക്കയിൽ ടെക്സാസ് സർവകലാശാലയിലെ പ്രൊഫസർ സ്റ്റീവൻ വിഗിൻസ് ഈ സിദ്ധാന്തത്തിനു താങ്ങായി എലികളെക്കൊണ്ടു നടത്തിയ ചില പരീക്ഷണങ്ങളെ എടുത്തുകാട്ടി. ഒരുതരം ഭക്ഷണംകൊടുത്തു ശീലിപ്പിച്ച എലികൾക്കു പെട്ടെന്നു മററൊരുതരം ഭക്ഷണം കൊടുത്തുനോക്കുകയായിരുന്നു ഈ പരീക്ഷണത്തിൻെറ സ്വഭാവം. ഈ പുതിയ ഭക്ഷണം തിന്നുന്നതിനു ചെലവഴിക്കേണ്ട സമയവും പ്രയത്നവും എത്രമാത്രമാണെന്ന് എലികൾ ബുദ്ധിപൂർവം കണക്കുകൂട്ടുകയും, സമയവും പ്രയത്നവും കുറച്ചുമാത്രം ആവശ്യമുള്ള ഭക്ഷണം (പഴയതോ പുതിയതോ) തെരഞ്ഞെടുക്കുകയും ചെയ്യുവത്രെ. എലികളുടെ 'സമയ'ത്തിനും 'പ്രയത്ന'ത്തിനും പകരം നിൽക്കുന്നതാണു മനുഷ്യരെ സംബന്ധിച്ചിടത്തോളം 'വില.' ഏററവും കുറച്ചു വിലകൊടുത്ത് ഏററവും കൂടുതൽ സമ്പാദ്യമുണ്ടാക്കുന്നതിനുള്ള മനുഷ്യൻെറ താത്പര്യം, അതിനാൽ, പ്രകൃതിസിദ്ധമാകുന്നു. പ്രൊഫസർ സ്റ്റീവൻ വിഗിൻസിൻെറ ഈ വാദം ധനശാസ്ത്രത്തിനു മാനവവാദപരമായ (ഹ്യൂമനിസ്റ്റ്) അടിസ്ഥാനം വേണമെന്നു വാദിച്ചിരുന്നവരെപ്പോലും തത്ക്കാലത്തേക്കു നിശ്ശബ്ദരാക്കിയത്രെ.

പക്ഷേ, മനുഷ്യൻ എലിയല്ലല്ലോ. സദാചാര(ധർമ) ബോധമെന്നൊന്ന് എലിക്കുള്ളതായി അറിവില്ല. മനുഷ്യന് അതുണ്ടെന്നുമാത്രമല്ല, ഏറെക്കുറെ നൈസർഗികവുമാണ് ഈ ബോധം. ഏററവും കുറച്ചു ചെലവഴിച്ച് ഏററവും കൂടുതൽ വരവുണ്ടാക്കുകയാണു പ്രകൃതിനിയമമെന്നു വാദിക്കുന്നവർ സ്നേഹം, അനുകമ്പ, ന്യായബോധം, നൈരാശ്യം മുതലായ മനുഷ്യവികാരങ്ങളെ എങ്ങനെ വ്യാഖ്യാനിക്കും? ഇവയെല്ലാം യുക്തിക്കു നിരക്കാത്തവയും, അതിനാൽ പ്രായോഗികജീവിതത്തിൽനിന്നു ത്യജിക്കപ്പെടേണ്ടവയും ആണെന്ന് അവർ പറയുമോ?

ഇത്തരം വികാരങ്ങൾക്കു തികച്ചും 'ധനശാസ്ത്ര'പരമായ വ്യാഖ്യാനം നൽകുന്നവർ മ്യൂണിക്ക് സമ്മേളനത്തിൽ ഉണ്ടായിരുന്നുവത്രെ. സ്വാർത്ഥചിന്തയുടെ പരമാവധി സങ്കീർണമായ ഒരു വകഭേദം മാത്രമായി ചിലർ സദാചാരത്തെ വിവരിച്ചു. മററുചിലർ അതിനെ തികഞ്ഞ 'മണ്ടത്തര'മായി തള്ളിക്കളയുകയുംചെയ്തു.

ധർമം, സദാചാരം മുതലായവയെ ധനശാസ്ത്രചർച്ചയിലേക്കു വലിച്ചിഴച്ചുകൊണ്ടുവരാതിരിക്കുകയാണു നല്ലതെന്ന് അഭിപ്രായമായിരുന്നു

അമേരിക്കൻ ധനശാസ്ത്രജ്ഞനായ ജെയിംസ് ബുക്കാനനു്. (ഈ ആണ്ടിൽ ധനശാസ്ത്രത്തിനുള്ള നോബൽസമ്മാനം ബുക്കാനനു് നൽകപ്പെടുമെന്നു പലരും പ്രതീക്ഷിക്കുന്നുണ്ടത്രെ.) വിപണിസംവിധാനം (മാർക്കററ് മെക്കാനിസം) ആണു മനുഷ്യന്റെ സാമ്പത്തികപ്രയത്നങ്ങളെ നിയന്ത്രിക്കുന്നതെന്നു് ബുക്കാനൻ കരുതുന്നു. ഈ സംവിധാനം സ്വാഭാവികവും വികേന്ദ്രീകൃതവും തികച്ചും സദാചാര (ധർമ്മ) നിരപേക്ഷവുമാണു്. വ്യക്തികളുടെ സ്വത്തു് സംരക്ഷിക്കപ്പെടുമെന്നും, കരാറുകൾ ലംഘിക്കപ്പെടുകയില്ലെന്നും ഉറപ്പു നൽകുന്ന നിയമങ്ങൾ നിലവിലുണ്ടെങ്കിൽ, വിപണിസംവിധാനം സ്വയം പ്രവർത്തിക്കുകയും മനുഷ്യരുടെ സാമ്പത്തികപ്രയത്നങ്ങളെ പ്രചോദിപ്പിക്കുകയുംചെയ്യും. ചീട്ടുകളിയുടെ നിയമങ്ങൾക്കെന്നപോലെ, വിപണിസംവിധാനം സംബന്ധിച്ച നിയമങ്ങൾക്കും ധാർമികമായ അടിസ്ഥാനവും ആവശ്യമില്ലെന്നതാണു് ബുക്കാനന്റെ നിലപാടു്. സമ്മേളനത്തിൽ പങ്കെടുത്ത ധനശാസ്ത്രജ്ഞർക്കു്, പൊതുവെ, ഈ നിലപാടു സ്വീകാര്യമായിരുന്നുവെത്രെ. ഇതിനർത്ഥം, ധനശാസ്ത്രത്തിനു് മനുഷ്യന്റെ ഭാഗികവീക്ഷണമല്ലാതെ സമഗ്രവീക്ഷണം ആവശ്യമില്ലെന്നാണു്; ചീട്ടുകളിയിലേർപ്പെട്ട വ്യക്തികളിൽനിന്നു വ്യത്യസ്തമായി സാമ്പത്തികപ്രവർത്തനത്തിലേർപ്പെട്ട വ്യക്തികൾ ഓരോരുത്തരും തങ്ങളുടേതായ സവിശേഷരീതിയിൽ എന്തുകൊണ്ടു പ്രവർത്തിക്കുന്നു എന്നു വിശദീകരിക്കുവാൻ ധനശാസ്ത്രത്തിനു കഴിവോ ബാദ്ധ്യതയോ ഇല്ലെന്നാണു്.

എന്നാൽ, എലികളിൽ നടത്തിയ പരീക്ഷണത്തിൽനിന്നുള്ള നിഗമനം സാർവലൗകികപ്രസക്തിയുള്ളതാണെന്നു കരുതാൻ സമ്മേളനത്തിൽ പങ്കെടുത്ത പ്രശസ്തനായ അമേരിക്കൻ ധനശാസ്ത്രജ്ഞൻ കാൾബ്രുണ്ണർ തയ്യാറായില്ല. അതുപോലെ, വ്യക്തിപരമായ ലാഭത്തിനു പുറമെ മററു പരിഗണനകളും മനുഷ്യന്റെ സാമ്പത്തികപെരുമാററത്തെ നിയന്ത്രിക്കുന്നുണ്ടെന്നായിരുന്നു ഫ്രഞ്ചുകാരനായ ലൂയീ ഡുമോണ്ടിന്റെ അഭിപ്രായം. വ്യക്തിപരമായ ലാഭത്തിൽക്കവിഞ്ഞ പരിഗണനകൾ മനുഷ്യപ്രയത്നത്തിൽ പുറകിലുള്ളതായി പ്രാചീനജനതകളുടെ ചരിത്രത്തിൽനിന്നു് ഉദാഹരണങ്ങൾ ഉദ്ധരിച്ചു് അദ്ദേഹം തെളിയിച്ചു. വ്യക്തികേന്ദ്രിതമല്ലാത്ത ബുദ്ധമതത്തിന്റെ സ്വാധീനമാണു് ജപ്പാന്റെ അത്ഭുതാവഹമായ യുദ്ധാനന്തരസാമ്പത്തിക പുരോഗതിക്കു കാരണം എന്നു് മറെറാരു ഫ്രഞ്ചുശാസ്ത്രജ്ഞനായ സെർജ് കോല്മ് സ്ഥാപിച്ചു. അതായതു്, വ്യക്തിപരമായ ലാഭത്തിനുപരി മററു ലക്ഷ്യങ്ങൾ ഒരു ജനതയ്ക്കു് ഉള്ളപ്പോഴാണു് അവരുടെ സാമ്പത്തികപ്രവർത്തനത്തിൽ കുതിച്ചുകയററമുണ്ടാവുന്നതു്.

മ്യൂണിക്ക് സമ്മേളനത്തിൽ പങ്കെടുത്ത ദാർശനികർക്കു് ഈ ചർച്ചയിൽ കാര്യമായ യാതൊരു സംഭാവനയും നൽകാൻ കഴിഞ്ഞതായി തോന്നുന്നില്ല. ധനശാസ്ത്രം സദാചാര (ധർമ്മ) നിരപേക്ഷമായി, ലാഭമാത്രകേന്ദ്രിതമായി, മുന്നേറിക്കൊള്ളട്ടെ: അതേസമയം, തത്ത്വചിന്ത അതിനേർത്തുമാത്രമായ പ്രശ്നങ്ങൾ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ എന്നായിരുന്നു ജർമൻ ദാർശനികനായ വിൽഹേം ഫോസ്സൻ കുളിന്റെ നിലപാടു്. കാൾമാർക്സ് പറഞ്ഞതുപോലെ ലോകത്തെ മാററുക എന്നതുപോയിട്ടു്, മനുഷ്യവ്യക്തിയെ മാററുക എന്ന ലക്ഷ്യംപോലും തത്ത്വചിന്തയ്ക്കു് ആവശ്യമില്ല എന്നു് അദ്ദേഹം കരുതി. മനുഷ്യന്റെ എല്ലാ പ്രയത്നങ്ങൾക്കും അടിയിൽ ഒരൊററ തത്ത്വം കണ്ടെത്താൻ ശ്രമിക്കേണ്ടതില്ല എന്നായിരുന്നു മറെറാരു ജർമൻ ദാർശിനികനായ ഫ്രീഡ്റിഷ് കാംബാർട്ടലിന്റെ അഭിപ്രായം. സാമ്പത്തികാഭിവൃദ്ധികൊണ്ടുമാത്രം മനുഷ്യൻ കൂടുതൽ സ്വാതന്ത്ര്യബോധം അനുഭവിക്കുന്നില്ലെന്നു് പീററർ കൗലൗസ്കി ചൂണ്ടിക്കാട്ടി.

ചുരുക്കത്തിൽ, ധനശാസ്ത്രജ്ഞരും ദാർശനികരും തമ്മിൽ നടക്കണമെന്നുദ്ദേശിച്ച സംവാദം മ്യൂണിക്കു് സമ്മേളനത്തിൽ നടക്കാതെപോയി. 'മൂഷികയുക്തി'ക്കു തുല്യമായ ഒന്നാണു് 'മനുഷ്യയുക്തി' എന്നേ ആധുനിക ധനശാസ്ത്രജ്ഞർ കരുതുന്നുള്ളവെന്നും, മനുഷ്യചിന്തയ്ക്കു കാര്യമായ എന്തെങ്കിലും സംഭാവന നൽകാൻ ഇന്നത്തെ പാശ്ചാത്യ ദാർശനികർക്കു കഴിവില്ല എന്നും മ്യൂണിക്കു് സമ്മേളനത്തിൽനിന്നു വ്യക്തമായി.

എലിയും മനുഷ്യനും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ എന്ന, ലളിതമായ, ചോദ്യം അവിടെ ഉന്നയിക്കപ്പെട്ടില്ല!

(26 ആഗസ്റ്റ്, 1984)

# 47. കൂട്ടത്തിൽ തനിയെ

സ്വാർത്ഥപ്രേരിതനായ മനുഷ്യൻ വരുത്തിവെക്കുന്നവയും പരിഹാരമില്ലാത്തവയെന്നു തോന്നുന്നവയുമായ പ്രശ്നങ്ങളിൽപ്പെട്ടു നട്ടം തിരിയുമ്പോരം അനന്തമായ നീലാകാശത്തിലേക്കു നോക്കുക എത്രമാത്രം ആശ്വാസമാണു നൽകുകയെന്നോ!

'അവിടെ, അതാ, 'ക്ഷീരപഥ'മെന്ന നമ്മുടെ ഗാലക്സി. നഗ്നനേത്രങ്ങരംകൊണ്ടു നമുക്കു് അതു കാണാം. നമ്മുടെ സൂര്യനെപ്പോലെയുള്ള പതിനായിരം കോടി സൂര്യന്മാർ ഈ ഗാലക്സിയിലുണ്ടെന്നു് ജ്യോതിശ്ശാസ്ത്രജ്ഞർ പറയുന്നതിനെ അവിശ്വസിക്കേണ്ട കാര്യമില്ല. ക്ഷീരപഥ'ത്തെപ്പോലെ വേറെയും ഗാലക്സികരം ഉണ്ടോ? ഉണ്ടു്. ഗണിതശാസ്ത്രത്തിൽ ആവിഭാവനംചെയ്യപ്പെടുന്ന എണ്ണങ്ങളുപയോഗിച്ചു പ്രതിപാദിക്കാൻ കഴിയാത്തതുകൊണ്ടു്, ഗാലക്സികളുടെ എണ്ണം 'അനന്ത'മാണെന്നു് ജ്യേതിശ്ശാസ്ത്രജ്ഞർ പറയുന്നു. ഈ ഗാലക്സികളിൽ എത്ര സൂര്യന്മാർ ഉണ്ടാവും? 'നൂറു കോടി കോടി കോടിയെങ്കിലും' എന്നാണു് ഉത്തരം. ഈ സംഖ്യ നമ്മുടെ ചിന്തയ്ക്കു് അതീതമാണു്. 'എത്രയെങ്കിലും' എന്നു പറയുകയാണു ഭേദം.

നമ്മുടെ സൂര്യനു് ഒമ്പതോ പത്തോ ഗ്രഹങ്ങരം ഉള്ളതിൽ ഒന്നാണു് ഭൂമി. ക്ഷീരപഥമെന്ന ഗാലക്സിയിലെ പതിനായിരം കോടി സൂര്യന്മാർക്കും, ക്ഷീരപഥത്തിനപ്പുറത്തെ 'അനന്തം' ഗാലക്സികളിലെ 'എത്രയെങ്കിലും' സൂര്യന്മാർക്കും ഭൂമിയെപ്പോലെയുള്ള ഗ്രഹങ്ങരം ഉണ്ടായിക്കൂടായ്കയില്ല. സമാനസാഹചര്യങ്ങളിൽ, ഈ ഗ്രഹങ്ങളിലും ജീവൻ ആവിർഭവിക്കുകയും, പരിണാമത്തിൻെറ പല പടവുകളിലൂടെ വികസിക്കുകയും ചെയ്തിട്ടുണ്ടാവാം. മനുഷ്യവർഗത്തിൻേറതിനു തുല്യമോ, മനുഷ്യവർഗത്തിൻേറതിനേക്കാരം ഏറെ പുരോഗമിച്ചതോ ആയ സഭ്യതകരംക്കു ഗ്രഹാന്തരങ്ങളിലെ ജീവൻ ജന്മം നൽകിയുമിരിക്കാം. എങ്കിൽ ഈ ഗ്രഹാന്തരസഭ്യതകളെപ്പററി മനസ്സിലാക്കുവാനുള്ള കഴിവു മനുഷ്യനു കൈവന്നിട്ടുണ്ടോ?

ഏതാണ്ടു പരന്ന ഒരു തളികയുടെ ആകൃതിയാണു് ക്ഷീരപഥത്തിനു്. ഒരു സെക്കൻഡിൻ 1,86,000 (ഒരു ലക്ഷത്തി എൺപത്താറായിരം) മൈൽ ദൂരം സഞ്ചരിക്കുന്ന പ്രകാശം ഈ തളികയുടെ ഒരു വക്കിൽനിന്നു മറേറ വക്കിൽ എത്താൻ ഏകദേശം ഒരുലക്ഷം സംവത്സരം എടുക്കുന്നു. അതായതു്, ക്ഷീരപഥത്തിൻെറ ഒരററത്തുനിന്നു് അയയ്ക്കുന്ന, പ്രകാശരൂപത്തിലുള്ള, ഒരു സന്ദേശം, അതിൻെറ ഏതാണ്ടു മദ്ധ്യത്തിലുള്ള ഭൂമി